**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4496** **01-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതവാഹനങ്ങളുടെ ചാർജിംഗിനായി കെ.എസ്.ഇ.ബി.യുടെ ചാർജിംഗ് സ്റ്റേഷനുകൾ ഏതൊക്കെ ജില്ലകളിലായി എത്രയെണ്ണമാണ് പ്രവർത്തിച്ച് വരുന്നത്; പുതിയതായി എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2019-ൽ പുറത്തിറക്കിയ കേരള സർക്കാരിന്റെ വൈദ്യുത വാഹനനയ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ചാർജ്ജിംഗ് സംവിധാനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾക്കു ചാർജിംഗിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന തുടക്ക കാലത്താണ് ഇ-മൊബിലിറ്റി സുഗമമാക്കുക എന്ന ഗവൺമെന്റ് നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ് പോയിൻറുകളും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. സജ്ജീകരിച്ചത്.<br><br>തിരുവനന്തപുരം-5, കൊല്ലം - 5, ആലപ്പുഴ-1, പത്തനംതിട്ട-3, കോട്ടയം-3, എറണാകുളം-10, ഇടുക്കി-3, തൃശൂർ-11, പാലക്കാട്-5, മലപ്പുറം-3, കോഴിക്കോട്-8, വയനാട്-2, കണ്ണൂർ-3, കാസറഗോഡ്-1 എന്നിങ്ങനെയാണ് 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ ഉള്ളത്. പോൾ മൗണ്ടഡ് സ്റ്റേഷനുകളുടെ ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.<br><br>എല്ലാ ജില്ലകളിലുമായി പുതുതായി ചാർജിങ്ങ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും കെ എസ് ഇ ബി എൽ നടത്തിവരുന്നുണ്ട്.<br><br>വൈദ്യുത വാഹന രംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് സംസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ നിലയിൽ 1.6 ലക്ഷത്തോളം വൈദ്യുത |

<table>
<tr><td></td><td></td><td></td><td>വാഹനങ്ങളാണ് കേരളത്തിന്റെ നിരത്തുകളിൽ ഓടുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ച സ്റ്റേഷനുകൾക്ക് പുറമേ 680-ൽപരം ചാർജ്ജിംഗ് സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരം ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻ പ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.</td></tr>
<tr><td>(ബി)</td><td>ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നും കെ.എസ്.ഇ.ബി.ക്ക് വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(ബി)</td><td>ഫാസ്റ്റ് ചാർജിഗിംന് ഒരു യൂണിറ്റിന് 13രൂപ + GST@ 18% എന്ന നിരക്കിലും സ്ലോ ചാർജിങ്ങിന് 9രൂപ + GST@18% എന്ന നിരക്കിലും വരുമാനം ലഭിക്കുന്നുണ്ട്.<br><br>കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചാർജിങ് സ്റ്റേഷനുകളിൽ നിന്നുള്ള വരുമാനം ഉപഭോക്താവ് ഇടപാട് നടത്തിയ ദിവസത്തിന്റെ അടുത്ത ദിവസം തന്നെ (T+1) കെ എസ് ഇ ബി ലിമിറ്റഡ് ഇതിനായി രൂപീകരിച്ച SBI യുടെ അക്കൗണ്ടിലേക്ക് എത്തുന്നുണ്ട്.<br><br>ചാർജ്ജിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ വരുമാനം ചുവടെ കൊടുക്കുന്നു.<br><br><table><tr><th>വർഷം</th><th>വരുമാനം</th></tr><tr><td>2021-22</td><td>646448.42</td></tr><tr><td>2022-23</td><td>3362030.35</td></tr><tr><td>2023-24</td><td>20684669.00</td></tr></table></td></tr>
<tr><td>(സി)</td><td>കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗപ്പെടുത്തി ഓട്ടോറിക്ഷകൾക്കും മറ്റും ചാർജിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും എത്ര രൂപയുടെ വരുമാനം ഇതിൽ നിന്നും ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?</td><td>(സി)</td><td>കെ എസ് ഇ ബി ലിമിറ്റഡിന്റെ ഇലക്ട്രിക്ക് പോസ്റ്റുകളിൽ വൈദ്യുത വാഹനങ്ങൾ പ്രത്യേകിച്ച് ഓട്ടോറിക്ഷ, ടൂവീലർ എന്നിവ സൗകര്യപ്രദമായി ചാർജ് ചെയ്യുന്നതിന് ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ കുറഞ്ഞത് 5 എണ്ണവും കോർപറേഷൻ നിയോജകമണ്ഡലങ്ങളിൽ 15 എണ്ണവും എന്ന തോതിൽ മൊത്തം 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പാർക്കിംഗ് സ്ഥല ലഭ്യത കുറവ്, ദേശീയ പാതവികസനം തുടങ്ങിയ കാരണങ്ങളാൽ ചില ചാർജിംഗ് സ്റ്റേഷനുകൾ ഉപയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം സ്റ്റേഷനുകൾ സൗകര്യപ്രദമായി മാറ്റി സ്ഥാപിക്കുവാൻ പൊതു മാർഗ്ഗനിർദ്ദേശവും നൽകിയിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇലക്ട്രിക്ക് പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള പോൾ മൗണ്ടഡ് സ്റ്റേഷൻ വഴി 75,78,442/- (എഴുപത്തിയഞ്ച് ലക്ഷത്തി എഴുപത്തി എട്ടായിരത്തി നാന്നൂറ്റി നാല്പത്തിരണ്ട്) രൂപയുടെ വരുമാനം 25.06.2024 വരെ കെ എസ് ഇ ബി ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



| Circle | No.of Pole mounted stations |
|---|---|
| Trivandrum | 88 |
| Kattakada | 57 |
| Kollam | 61 |
| Kottarakkara | 33 |
| Pathanamthitta | 33 |
| Alappuzha | 32 |
| Harippad | 23 |
| Kottayam | 33 |
| Pala | 18 |
| Thodupuzha | 37 |
| Ernakulam | 96 |
| Perumbavur | 40 |
| Thrissur | 65 |
| Irinjalakuda | 37 |
| Palakkad | 48 |
| Shornur | 40 |
| Manjeri | 41 |
| Nilambur | 19 |
| Tirur | 59 |
| Kozhikod | 121 |
| Vadakara | 37 |
| Kalpetta | 25 |
| Kannur | 55 |
| Sreekandapuram | 34 |
| Kasargod | 37 |
| **Total** | **1169** |